ഉത്തരം

(എ) 2005 മേയ് മാസത്തിലെ കണക്കനുസരിച്ച് സംസ്ഥാനത്ത് നിലവിലുള്ള റേഷൻ കാർഡുകളിൽ ഉൾപ്പെടുന്ന ആകെ അംഗങ്ങൾ 33,908,309 (മൂന്നുകോടി മുപ്പത്തിയൊൻപതു ലക്ഷത്തി എണ്ണായിരത്തി മൂന്നൂറ്റി ഒൻപത്) ആണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 14164 (പതിനാലായിരത്തി ഒരുനൂറ്റി അറുപത്തിനാല്) റേഷൻ കടകളിൽ 123 എണ്ണം അടച്ചുപൂട്ടിയിട്ടുണ്ട്.

റേഷൻ കാർഡുകളുടെ എണ്ണവും ഭക്ഷ്യസാധനങ്ങളുടെ വിൽപ്പനയും

72 [2822] *ശ്രീ. കെ. രാധാകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴിയുള്ള ഭക്ഷ്യവസ്തുക്കളുടെ വിൽപ്പനയിൽ കുറവുണ്ടായിട്ടുണ്ടോ;

(ബി) ഇപ്പോൾ റേഷൻ കാർഡുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം ഭക്ഷ്യവസ്തുക്കളുടെ വിൽപ്പനയും റേഷൻ കാർഡുകളുടെ എണ്ണവും കുറയുവാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എ.പി.എൽ. അരിയുടെ വിൽപ്പനയിൽ കുറവുണ്ടായിട്ടുണ്ട്. റേഷൻ കടകൾ വഴിയുള്ള മറ്റു ഭക്ഷ്യവസ്തുക്കളുടെ വിൽപ്പനയിൽ ഗണ്യമായ കുറവെന്തെങ്കിലും വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റേഷൻ കാർഡുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടില്ല. 2004 മേയ് മാസത്തിൽ സംസ്ഥാനത്തെ മൊത്തം കാർഡുകളുടെ എണ്ണം 66,47,795 ആയിരുന്നു. ഇത് 2005 മേയ് മാസം ആയപ്പോൾ 6,638,997 ആയി വർദ്ധിച്ചിട്ടുണ്ട്.

(സി) ജനസംഖ്യയിലുണ്ടാകുന്ന വർദ്ധനവിന്റെ അടിസ്ഥാനത്തിൽ കുടുംബങ്ങളുടെ എണ്ണം കൂടുന്നതനുസരിച്ച് റേഷൻ കാർഡുകളുടെ എണ്ണം വർദ്ധിക്കുകയാണുണ്ടായിട്ടുള്ളത്. ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ എ.പി.എൽ. വിഭാഗത്തിന്

LIBRARY ARCHIVES Kerala Legislative Assembly

വിതരണം ചെയ്യുന്ന അരിയുടെ വിൽപ്പനയിൽ കുറവുണ്ടായിട്ടുണ്ട്. എ.പി.എൽ. അരിക്ക് കേന്ദ്രം അനുവദിക്കുന്ന സബ്സിഡിയുടെ നിരക്ക് ഗണ്യമായി കുറയ്ക്കുകയും വില 8.90 രൂപയായി നിജപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം ഭക്ഷ്യധാന്യങ്ങളുടെ വില കൂടുതൽ, കാർഡുടമകൾ ആഗ്രഹിക്കുന്ന ഗുണനിലവാരമുള്ള അരിയുടെ അഭാവം എന്നിവയാണ് എ.പി.എൽ. അരിയുടെ ചെലവ് കുറയാനുള്ള കാരണം.

സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഡ്രൈവർ തസ്തികയിലെ നിയമനം

73 [2823] *ശ്രീ. കെ. രാധാകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇപ്പോൾ താൽക്കാലിക ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാരെ ഒഴിവാക്കി പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

നടപടി സ്വീകരിച്ചുവരുന്നു. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഡ്രൈവർ തസ്തികയിലുള്ള ഒഴുവുകളിലേക്ക് നിയമനം നടത്തുന്നതിനായി കെ.പി.എസ്.സി. യിൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. (എസ്.സി.-5, എസ്.റ്റി-3) ഈ തസ്തികയിലേക്ക് 2-4-2005-ൽ എഴുത്തു പരീക്ഷ നടത്തിയിട്ടുണ്ട്. കെ. പി. എസ്. സി. യിൽനിന്ന് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണം

74 [2824] *ശ്രീ. വി. കെ. ചന്ദ്രൻ*: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly